# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. L - JK 3 | 2017 February 19 | No. 3


### സർക്കുലർ - 6

## കെ.ആർ.എൽ.സി.സി. പ്രതിനിധികളുടെ സന്ദർശനം

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

കേരളത്തിലെ ലത്തീൻ കത്തോലിക്കർ 20 ലക്ഷത്തോളം അംഗസംഖ്യയുള്ള സഭയും സമുദായവുമാണ്. വിവിധ ജാതികളിൽനിന്നും ഉപജാതികളിൽനിന്നും സാഹചര്യങ്ങളിൽനിന്നും വരുന്ന ഇവർ കേരളത്തിൽ അങ്ങോളമിങ്ങോളം 12 രൂപതകളിലായി വേണ്ടത്ര സംഘടിതസ്വഭാവമില്ലാതെ ചിതറിക്കിടക്കുന്നു. സഭ എന്ന നിലയിൽ പ്രധാനമായും ദൈവജനത്തിന്റെ വിശുദ്ധീകരണവും സമുദായമെന്ന നിലയിൽ സമഗ്രമായ വികസനവും സമന്വയിപ്പിച്ചുകൊണ്ട് ദൈവരാജ്യനിർമിതിയിൽ വ്യാപൃതമായിരിക്കുന്ന ഒരു വികസ്വര സമൂഹമാണിത്.

ഈ സമൂഹത്തിന് അതിന്റേതായ ചരിത്രവും പാരമ്പര്യവും കഴിവുകളും സാധ്യതകളും ആശങ്കകളും ആവശ്യങ്ങളുമൊക്കെയുണ്ട്. ഇവയൊക്കെ തിരിച്ചറിയുകയും സമന്വയിപ്പിക്കുകയും ചെയ്തുകൊണ്ട് സംഘടിതമായി മുന്നോട്ടുപോയാൽ നാം ആഗ്രഹിക്കുന്ന മുഖ്യധാരയിലെത്തിച്ചേരാൻ സാധിക്കും. ഭിന്നിച്ചുനിന്നാൽ വീണ്ടും പിന്നാക്കാവസ്ഥയിലേക്ക് നാം പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കും. കേരളത്തിലെ ലത്തീൻ കത്തോലിക്കരെ സംഘടിപ്പിക്കുവാനും വിശുദ്ധീകരണപ്ര

ക്രിയയും വികസനപ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുവാനും ഭാരതമെത്രാൻ സമിതിയുടെയും വിവിധ സമുദായസംഘടനകളുടെയും മാതൃകയിൽ ശക്തമായ ഒരു നേതൃത്വസമിതിയുടെ ആവശ്യം കെആർ എൽസിസിയുടെ രൂപീകരണത്തിന് മുമ്പ് തന്നെ നാം തിരിച്ചറിഞ്ഞു. പുണ്യസ്മരണാർഹനായ ഡാനിയൽ അച്ചാരുപറമ്പിൽ പിതാവിന്റെയും ഇപ്പോൾ കേരള ലത്തീൻ മെത്രാൻ സമിതിയുടെ അദ്ധ്യക്ഷനും കെആർ എൽസിസി പ്രസിഡന്റുമായിരിക്കുന്ന അഭിവന്ദ്യ സൂസപാക്യം പിതാവിന്റെയും മറ്റ് ലത്തീൻ രൂപതാ അദ്ധ്യക്ഷന്മാരുടെയും ഓരോ രൂപതയിൽനിന്നുമുള്ള വൈദികർ, സന്യസ്തർ, അല്മായ പ്രതിനിധികൾ എന്നിവരുടെയും നേതൃത്വത്തിൽ സുദീർഘമായ ചർച്ചകളുടെയും കൂടിയാലോചനകളുടെയും ഫലമായി കേരള ലത്തീൻ സഭയുടെയും സമുദായത്തിന്റെയും ഏകോപനത്തിനും ശക്തീകരണത്തിനുമായി 2002 മെയ് 24 -ാം തീയതി കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെ.ആർ.എൽ.സി.സി.) സ്ഥാപിതമായി. കേരള ലത്തീൻ സഭയുടെയും സമുദായത്തിന്റെയും ഉന്നത നയരൂപീകരണ ഏകോപനസമിതിയാണിത്. കെആർഎൽസിസി 14 വർഷങ്ങൾ പൂർത്തിയാക്കി മുന്നേറുകയാണ്.

കെആർഎൽസിസി പ്രവർത്തിക്കുന്നത് പ്രധാനമായും കേരള ലത്തീൻ മെത്രാൻസമിതി(കെആർഎൽസിബിസി)യുടെ വിവിധകമ്മീഷനുകളിലൂടെയാണ്. ഭാരതലത്തീൻ കത്തോലിക്കാസഭയുടെ നേതൃസമിതിയായ സിസിബിഐ (കൗൺസിൽ ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ) പ്രവർത്തിക്കുന്ന മാതൃകയിൽ കെആർഎൽസിബിസി രൂപീകരിച്ച 22 കമ്മീഷനുകളിലൂടെ സഭാ സമുദായപ്രവർത്തനങ്ങളെ കെആർഎൽസിസി കേരളതലത്തിൽ ഏകോപിപ്പിക്കുന്നു. ആലുവ കാർമ്മൽഗിരിയിലുള്ള ലത്തീൻ കത്തോലിക്കാ കേന്ദ്രകാര്യാലയത്തിൽ ഇപ്പോൾ വിവിധ രൂപതകളിൽനിന്നുള്ള 5 വൈദികരും 3 സ്റ്റാഫംഗങ്ങളും മുഴുവൻ സമയവും സേവനം ചെയ്യുന്ന താല്ക്കാലിക ഓഫീസ് പ്രവർത്തിക്കുന്നു. സമുദായഅംഗങ്ങളെ ബോധവത്ക്കരിക്കുന്നതിലും ലത്തീൻ സഭയെക്കുറിച്ചുള്ള അറിവ് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതിലും ജീവനാദം എന്ന പത്രം നല്ലൊരുപങ്ക് വഹിക്കുന്നുണ്ട്.

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനപ്രകാരം കെ.ആർ.എൽ.സി.സിയുടെ സന്ദേശം നമ്മുടെ സമുദായാംഗങ്ങളിൽ എത്തിക്കുന്നതിനായി കേരളത്തിലെ എല്ലാ ലത്തീൻ രൂപ

തകളിലെയും മുഴുവൻ ഇടവകകളും സന്ദർശിക്കുവാൻ 2013-ൽ പദ്ധതിയിട്ടിരുന്നു. 2013 മെയ് 5ന് കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ ദേവാലയത്തിൽ ഈ സന്ദർശനത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചു. കോട്ടപ്പുറം, കൊച്ചി, ആലപ്പുഴ, തിരുവനന്തപുരം എന്നീ രൂപതകളിൽ കെആർഎൽസിസി സന്ദർശനം പൂർത്തിയാക്കിക്കഴിഞ്ഞു. കെആർഎൽസിസി പ്രതിനിധികളുടെ സന്ദർശനത്തിന് നമ്മുടെ അതിരൂപതയിൽ എറണാകുളം, സെന്റ് ഫ്രാൻസിസ് അസ്സീസ്സി കത്തീഡ്രൽ ഇടവകയിൽ 2017 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച ഔപചാരികമായി തുടക്കം കുറിക്കുകയുണ്ടായി. അതിരൂപതയിലെ ഓരോ ഇടവകയിലും മുൻകൂട്ടി അറിയിച്ചതിനുശേഷം ഓരോ ഞായറാഴ്ചയും കെ.ആർ.എൽ.സി.സി. പ്രതിനിധികൾ എത്തുന്നതായിരിക്കും. അങ്ങനെ അവർ എത്തുമ്പോൾ ഇടവക പള്ളിയിലെയും സബ് സ്റ്റേഷനുകളിലെയും എല്ലാ കുർബ്ബാനകളിലും കെ.ആർ.എൽ.സി.സി.യെക്കുറിച്ച് വൈദികർ സംസാരിക്കും. ലത്തീൻ കത്തോലിക്കാ കേന്ദ്രകാര്യാലയത്തിന്റെ നിർമാണത്തിനും കെആർഎൽസിസിയുടെ പ്രവർത്തനങ്ങൾക്കുമായി ദിവ്യബലിമദ്ധ്യേ വൈദികർതന്നെ അന്നത്തെ സ്തോത്രക്കാഴ്ച എടുക്കുന്നതാണ്. ദിവ്യബലിക്കുശേഷം ഇടവക പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, മതാദ്ധ്യാപകർ, ബിസിസി ഭാരവാഹികൾ, ശുശ്രൂഷാസമിതി ഭാരവാഹികൾ, സംഘടനാഭാരവാഹികൾ തുടങ്ങിയവർക്ക് കെ.ആർ.എൽ.സി.സി. പ്രതിനിധികളുമായി സംവദിക്കുന്നതിനുള്ള അവസരം ബഹുമാനപ്പെട്ട വികാരിമാർ ഒരുക്കേണ്ടതാണ്.

നമ്മുടെ സഭയുടെയും സമുദായത്തിന്റെയും ചിരകാല സ്വപ്നമായ കേരള ലത്തീൻ കത്തോലിക്കാ കേന്ദ്രകാര്യാലയത്തിന്റെ നിർമ്മാണം ആലുവ കർമ്മലഗിരി സെമിനാരിയുടെ തൊട്ടടുത്തുള്ള കാമ്പസിൽ 2012 ജൂൺ 29-ാം തീയതി വി. പത്രോസ്, പൗലോസ് അപ്പസ്തോലന്മാരുടെ തിരുനാളിൽ ആരംഭിച്ചു. അതിന്റെ പണി ക്രമാനുഗതമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വലിയ ദൂരക്കാഴ്ചയോടെ കേരള ലത്തീൻ കത്തോലിക്കാസമൂഹത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ഈ സമൂഹത്തിലെ കുട്ടികൾ, യുവജനങ്ങൾ, സ്ത്രീകൾ, അല്മായ സംഘടനകൾ, സന്യസ്തർ, വൈദികർ എന്നീ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ലത്തീൻ മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ കമ്മീഷനുകളുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ, ആലോചനാ യോഗങ്ങൾ, വളർച്ചാ സെമിനാറുകൾ, ധ്യാന

പരിപാടികൾ തുടങ്ങിയവ നിരന്തരമായി നടത്തുവാനുതകുന്ന ഒരു പരിശീലനകേന്ദ്രമാണിത്. ഭാരിച്ച പണച്ചിലവ് വരുന്ന പ്രസ്തുത കേന്ദ്ര കാര്യാലയം 12 രൂപതകളിലായി വ്യാപിച്ചുകിടക്കുന്ന കേരള ലത്തീൻ കത്തോലിക്കാ സഭയുടെയും സമുദായത്തിന്റെയും എല്ലാ പ്രവർത്ത നങ്ങളെയും ഏകോപിപ്പിക്കുന്ന കേന്ദ്രമായിരിക്കും. കേരള ലത്തീൻ കത്തോലിക്കാസഭയുടെയും സമുദായത്തിന്റെയും കേന്ദ്രകാര്യാലയ ങ്ങൾ ഇവിടെയായിരിക്കും പ്രവർത്തിക്കുക. ഈ കേന്ദ്രകാര്യാലയ നിർമ്മാണത്തിൽ നമ്മുടെ ഓരോരുത്തരുടെയും പ്രാർത്ഥനകളും ചെറുതും വലുതുമായ സംഭാവനകളും നൽകി പങ്കാളികളാകുവാൻ നിങ്ങളേവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. അതോടൊപ്പം ഈ സെക്രട്ടേറിയറ്റിലെ മുറികൾ സ്പോൺസർ ചെയ്യുന്നതിനുള്ള പ്രത്യേ കപദ്ധതിയുമായി സാധിക്കുന്ന എല്ലാ ഇടവകകളും സ്ഥാപനങ്ങളും വ്യക്തികളും മറ്റും സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കെ.ആർ.എൽ.സി.സി. പ്രതിനിധികളുടെ സന്ദർശനം ഓരോ ഇടവകകളിലും സൗകര്യപ്രദമായി നടത്തുന്നതിന് ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാർ ഫൊറോനയിലെ ഇടവകവികാരിമാരുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

നമ്മുടെ സഭയെ കൂടുതൽ അറിഞ്ഞുസ്നേഹിച്ചുകൊണ്ട് സഭ യുടെയും സമുദായത്തിന്റെയും സമഗ്രവികസനത്തിൽ പങ്കാളികളാ കുവാൻ ഈ ഇടവക സന്ദർശന പരമ്പര നമ്മെ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

പൈതൃകാശിർവാദങ്ങളോടെ എറണാകുളത്ത് നമ്മുടെ അതി മെത്രാസനമന്ദിരത്തിൽനിന്ന് 2017 ഫെബ്രുവരി മാസം 19-ാം തീയതി,

എറണാകുളം | ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
19.02.2017 | വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

---

***NB: ഈ സർക്കുലർ കെആർഎൽസിസി പ്രതിനിധികളുടെ ഇട വക സന്ദർശന തീയതിക്ക് രണ്ടാഴ്ച മുമ്പാണ് നമ്മുടെ പള്ളി യിൽ വായിച്ച് ജനങ്ങളെ ഒരുക്കേണ്ടത്. പ്രസ്തുത സന്ദർശന തീയതികൾ കെ.ആർ.എൽ.സി.സി. പ്രതിനിധികൾ മുൻകൂട്ടി നിങ്ങളെ അറിയിക്കുന്നതായിരിക്കും.***